# പന്തപ്ലാക്കൽ  കുടുംബസംഗമം

## 20–ാം സമ്മേളന റിപ്പോർട്ട്

Date:12-11-2022

**ഷൈജി പശുക്കടവ്**

കാലം മാറുന്നു. സമൂഹ കുടുംബ സ്ഥിതികൾ മാറുന്നു. മനുഷ്യ ജീവിതം പരിഷ്കാര വൈവിധ്യങ്ങളുടെ അരങ്ങാകുന്നു. അത് മനുഷ്യാവസ്ഥകൾക്ക് ഗുണവുംദോഷവും പ്രദാനം ചെയ്യുന്നു.

എനിക്കുണ്ടൊരു ലോകം, നിനക്കുണ്ടൊരു ലോകം, നമുക്കില്ലൊരു ലോകം എന്ന്കുഞ്ഞുണ്ണി മാഷ് പറഞ്ഞത് ഈ ആധുനികാനന്തര ലോകത്തെ കുറിച്ചു തന്നെയാണ്.ഇത്തടിപ്പാലം കടക്കണം, റൊട്ടിയും മുട്ടയും, തേങ്ങയും വാങ്ങണം, വീട്ടിലേക്കെത്തണം, ലോകത്തെ പുറത്തിട്ടടക്കണം എന്ന ഇടുങ്ങിയ ബോധ്യങ്ങൾക്കകത്തു ജീവിക്കുന്ന മനുഷ്യരുടെ സംഖ്യ വർദ്ധിക്കുന്ന സാഹചര്യങ്ങളിൽ രക്തബന്ധങ്ങൾക്കും അതിലൂടെ കെട്ടി ഉയർത്തപ്പെട്ട കുടുംബ ബന്ധങ്ങൾക്കും മതിയായ വില ഇല്ലാതെ പോകുന്നു. ബാഹ്യമോടികളുടെ ധാരാളിത്തങ്ങളിൽ തൃപ്തരാകുന്ന മനുഷ്യരുടെ ആന്തരിക ആഹ്ലാദങ്ങൾ അൽപമായിരിക്കും. അനൽപമായ ജീവിതാഹ്ലാദങ്ങൾ എവിടെ തിരഞ്ഞാണ് നാം നേടേണ്ടത്.

മഹാസാമ്രാജ്യാധിപതിയായ നെപ്പോളിയൻ ബോണപ്പാർട്ടിനെ പോലെ ഭൗതികതയുടെ വേഗപ്പാച്ചിലുകളിൽ എന്റെ ജീവിതത്തിൽ സന്തോഷത്തിന്റെ ഏഴു ദിനങ്ങൾ പോലുമുണ്ടായിരുന്നില്ല എന്നാണ് പരാജിതനായി സെയ്ന്റ് ഹെലേന ദ്വീപിലേക്ക് നാടു കടത്തപ്പെട്ട സാഹചര്യത്തിൽ നെപ്പോളിയൻ വ്യക്തമാക്കിയത്. അപ്പോൾ യഥാർത്ഥ ആഹ്ലാദം എവിടെയാണുള്ളത്. അതിലേക്ക് എത്തിച്ചേരാൻ നമ്മൾ പ്രാർത്ഥനാപൂർവം അനുഷ്ഠിക്കേണ്ട ജീവിത ശീലങ്ങൾ എന്തൊക്കെയാവണം. ഒരു അകം ലോകം നിർമിക്കാൻ, നിർമലരായി ജീവിതത്തെ ഉൾക്കൊള്ളാൻ സഞ്ചരിക്കേണ്ട മാർഗങ്ങൾ ഏതൊക്കെയാണ്?

ഇവിടെയാണ് അണുകുടുംബത്തിന്റെ അപൂർണതയും കൂട്ടുകുടുംബത്തിന്റെ അനിവാര്യതയും നമ്മൾ തിരിച്ചറിയുക. കൂട്ടുകുടുംബം ഏകാന്തതയുടെ ഭാരം പേറുന്ന മനുഷ്യർക്ക് സ്വച്ഛന്ദതയുടെ ആശ്വാസം പകർന്ന സംവിധാനത്തിന്റെ പേരായിരുന്നു. പുതിയ കാലത്ത് കൂട്ടുകുടുംബ ജീവിതം പലപ്പോഴും പ്രായോഗികമാവില്ല എന്ന വസ്തുത പരിഗണിക്കാതെയല്ല ഈ പരമാർശം.

അറ്റുപോയ ഉറ്റവർ തമ്മിലുള്ള ബന്ധുബലത്തെ ഉറപ്പിക്കാൻ വർത്തമാന കാലത്ത് ഒരു ബദൽ അടിയന്തര ആവശ്യമായി വന്നിരിക്കുന്നു. ഈ ആവശ്യത്തിലേക്കുള്ള അന്വേഷണമായിരിക്കണം കുടുംബ കൂട്ടായ്മകളുടെ വാർഷിക യോഗങ്ങൾ സംഘടിപ്പിക്കുന്നതിലേക്ക് ബോധ്യങ്ങളുടെ കാഴ്ചകൾ സൂക്ഷിക്കുന്ന മനുഷ്യരെ നടത്തിയിട്ടുണ്ടാവുക. നമ്മുടെ കുടുംബങ്ങളിലും ദീർഘവീക്ഷണമുള്ള മനുഷ്യർ ഉണ്ടായിരുന്നതിന്റെ ഫലമാണ് പന്തപ്ലാക്കൽ കുടുംബം ഇടമുറിയാതെ ഇരുപത്തിഒന്നാം കുടുംബ വാർഷികം ആഘോഷിക്കുന്നതിന്റെ അടിസ്ഥാനം. പന്തപ്ലാക്കൽ

കുടുംബയോഗത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന രക്തബന്ധത്തിന്റെ ധാരകൾ ഹൃദയത്തിൽ സൂക്ഷിക്കുന്ന എല്ലാ തലമുറകളിലും പെട്ട അംഗങ്ങളെ ഈ സന്ദർഭത്തിൽ ഹൃദയത്തിന്റെ ഭാഷയിൽ അഭിസംബോധന ചെയ്ത് സ്വാഗതം ചെയ്തുകൊണ്ട് 2022 ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുന്നു.

സ്നേഹമുള്ള മാതാപിതാക്കളെ, പ്രിയപ്പെട്ട സഹോദരി സഹോദരങ്ങളെ നമ്മുടെ കുടുംബ കൂട്ടായ്മയുടെ 20-ാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി 2022 നവംബർ 12 ശനിയാഴ്ച കോഴിക്കോട്, പശുക്കടവ് സെന്റ് തെരേസ ദേവാലയത്തിൽ വെച്ച് ഫാ. തോമസ് പന്തപ്ലാക്കലിന്റെയും ഫാ. സനീഷ് പന്തപ്ലാക്കലിന്റെയും നേതൃത്വത്തിൽ നമ്മെ വിട്ടുപിരിഞ്ഞ കുടുംബാംഗങ്ങൾക്കു വേണ്ടി ദിവ്യബലി അർപ്പിച്ചുകൊണ്ട് കുടുംബയോഗത്തിനു തുടക്കമായി.

പന്തപ്ലാക്കൽ ശ്രീ. ഷൈജിയുടെ ഭവനത്തിൽ പ്രത്യേകം സജ്ജമാക്കിയ ഓഡിറ്റോറിയത്തിൽ കുടുംബ കൂട്ടായ്മ പ്രസിഡണ്ട് ശ്രീ. ജോസ് ചേറ്റുതോടിലിന്റെ അദ്ധ്യക്ഷതയിൽ നമ്മുടെ രക്ഷാധികാരി തോമസ് അച്ചന്റെ മുഖ്യപ്രഭാഷണത്തോടെ യോഗ നടപടികൾ ആരംഭിച്ചു. പശുക്കടവ് സെന്റ് തെരേസ പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ പാറത്തോട്ടത്തിൽ യോഗ നടപടികൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. വിവിധങ്ങളായ പ്രദേശങ്ങളിൽ അധിവസിക്കുന്ന പന്തപ്ലാക്കൽ കുടുംബാംഗങ്ങളെ കണ്ടുപിടിച്ച്, യോജിപ്പിച്ച്, ഒറ്റക്കെട്ടായി കഴിഞ്ഞ 20 വർഷക്കാലം ഈ കൂട്ടായ്മ നല്ല രീതിയിൽ നടത്തിയതിനും, ഇതിനു പിന്നിൽ പ്രവർത്തിച്ചവരെ പ്രശംസിച്ചും, തുടർന്ന് പന്തപ്ലാക്കൽ കൂട്ടായ്മ ഏറ്റവും മനോഹരമായ രീതിയിൽ പ്രവർത്തിച്ച് മറ്റ് കുടുംബങ്ങൾക്ക് മാതൃകയാവാൻ കഴിയട്ടെ എന്നും ആശംസിച്ചു.

സെക്രട്ടറി കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പന്തപ്ലാക്കൽ കുടുംബത്തിലെ യുവ വൈദികൻ ഫാ. സനീഷ്, മുൻ പ്രസിഡണ്ട് ബേബി കുപ്പായക്കോട്, മുൻ സെക്രട്ടറി ജോസ് കല്ലാനോട്ട് നമ്മുടെ കുടുംബാംഗമായ സിസ്റ്റർ ഡീന, പന്തപ്ലാക്കൽ കുടുംബ കൂട്ടായ്മ ഡയറക്ടർ ബോർഡ് അംഗമായ എൽസി ടീച്ചർ, യൂത്തിന്റെ പ്രതിനിധിയായ റിച്ചാർഡ് ജോൺ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

20-ാം വാർഷിക ആഘോഷ സമ്മേളനത്തിന് എല്ലാ കാര്യങ്ങളും ഏറ്റവും മനോഹരമായി ക്രമീകരിച്ചതിന് കുടുംബനാഥൻ ഷൈജിയേയും ഫാമിലിയേയും ഇത്തരുണത്തിൽ ഏറ്റവും സ്നേത്തോടെ ഓർക്കുന്നു. കുടുംബയോഗ വൈസ് പ്രസിഡണ്ട് മാത്യുക്കുട്ടി പന്തപ്ലാക്കലിന്റെ നന്ദിയോടെ യോഗനടപടികൾ സമാപിച്ചു.

പൊതുയോഗത്തിനു ശേഷം കുടുംബാംഗങ്ങളെയും കുടുംബ കൂട്ടായ്മയുടെ പ്രവർത്തനങ്ങളെയും, കുടുംബങ്ങൾ തമ്മിൽ ഒന്നിച്ചു പോകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ശാലോം ടി.വി. കോ-ഓർഡിനേറ്റർ ശ്രീ. പ്രകാശ് ഒ.എം.ഒറ്റപ്ലാക്കൽ ക്ലാസ് എടുത്തു. ഹ്രസ്വവും മനോഹരവുമായ ഈ ക്ലാസ് എല്ലാ കുടുംബാംഗങ്ങൾക്കും വളരെ പ്രയോജനമായി.

**പൊതുചർച്ച**

മുതിർന്നവരെയും യൂത്തിനെയും രണ്ടു വിഭാഗമായി തിരിച്ച് ചർച്ചകൾ നടത്തി. ഈ ചർച്ചയിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

1. ഏതെല്ലാം രീതിയിൽ കുടുംബയോഗം മെച്ചപ്പെടുത്തുവാൻ സാധിക്കും.
2. എല്ലാ മാസവും എക്സിക്യൂട്ടീവ് അംഗങ്ങൾ സൂം മീറ്റിംഗ് എങ്കിലും കൂടി പ്രവർത്തനം ആക്ടീവാക്കി നിർത്തുക.
3. ഡിസംബർ മാസത്തിൽ പുതിയ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി മറ്റ് കാര്യങ്ങൾ ചർച്ച ചെയ്യുവാൻ തീരുമാനിച്ചു.

**പുതിയ ഭാരവാഹികൾ 2023-26 വർഷം തിരഞ്ഞെടുപ്പ്.**

| | |
|---|---|
| രക്ഷാധികാരി | ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. |
| പ്രസിഡന്റ് | ബേബി പന്തപ്ലാക്കൽ, താമരശ്ശേരി |
| വൈസ് പ്രസിഡന്റ് | ചാക്കോ പന്തപ്ലാക്കൽ, ഓടൻതോട് |
| വൈസ് പ്രസിഡന്റ് | ജോയൽ പന്തപ്ലാക്കൽ, അയർക്കുന്നം |
| സെക്രട്ടറി | മാത്തുക്കുട്ടി പന്തപ്ലാക്കൽ, ഇരിട്ടി |
| ജോ. സെക്രട്ടറി | റിജുമോൻ പന്തപ്ലാക്കൽ, പാലക്കാട് |
| ജോ. സെക്രട്ടറി | ജോസ് പന്തപ്ലാക്കൽ, കല്ലാനോട് |
| ജോ. സെക്രട്ടറി | ജോൺസൺ പന്തപ്ലാക്കൽ, കപ്പാട് |
| ജോ. സെക്രട്ടറി | ജോസഫ് (ബോബി) പന്തപ്ലാക്കൽ, കട്ടപ്പന |
| ട്രഷറർ | സന്തോഷ് പന്തപ്ലാക്കൽ, ഓടൻതോട് |

**യൂത്ത് വിങ്ങ് ഭാരവാഹികൾ**

റിച്ചാർഡ് പന്തപ്ലാക്കൽ

എയ്ഞ്ചൽ പന്തപ്ലാക്കൽ

റോസ് മരിയ പന്തപ്ലാക്കൽ

ആൻ പന്തപ്ലാക്കൽ

കിരൺ പന്തപ്ലാക്കൽ

ആൽവിൻ പന്തപ്ലാക്കൽ

ലിയോൺ പന്തപ്ലാക്കൽ

സി. ഡീന പന്തപ്ലാക്കൽ (ആനിമേറ്റർ)

മനോജ് ബേബി പന്തപ്ലാക്കൽ (യൂത്ത് വിങ്ങ് കോ-ഓർഡിനേറ്റർ)

**ആദരിക്കൽ**

1. നമ്മുടെ മുൻ സെക്രട്ടറി ജോസ് കല്ലാനോടും അദ്ദേഹത്തിന്റെ പ്രിയ പത്നി സെലിനും ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിലൂടെ കാറിൽ 17,000 കിലോമീറ്റർ 48 ദിവസംകൊണ്ട് സഞ്ചരിച്ച് ശ്രദ്ധനേടി.
2. കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയുടെ ജോയിന്റ് സെക്രട്ടറിയായി ശ്രീ. ജോസഫ് പന്തപ്ലാക്കൽ നിയമിതനായി.
3. വ്യത്യസ്തങ്ങളായ കാർട്ടൂൺ ചിത്രങ്ങൾകൊണ്ട് പന്തപ്ലാക്കൽ വാട്ട്സാപ്പ് ഗ്രൂപ്പിനെ സജീവമാക്കാൻ സിറിയക്ക് സാർ കല്ലാനോട്.
4. വ്യത്യസ്തമായ രീതിയിൽ ഇൻവിറ്റേഷൻ കാർഡ് തയ്യാറാക്കിയ ഷിനി.
5. ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ സിസ്റ്റർ ഡീന.
6. തലശ്ശേരി അതിരൂപതയിൽ വ്യത്യസ്തമായ മേഖലകളിൽ കഴിവു തെളിയിച്ച ശ്രീ. മാത്യുക്കുട്ടി പന്തപ്ലാക്കൽ.

മേൽ പറഞ്ഞ വ്യക്തിത്വങ്ങളെ രക്ഷാധികാരി പൊന്നാട അണിയിച്ച് ആദരിച്ചു.

**സമ്മാനദാനം**

വാർഷിക ആഘോഷങ്ങളിൽ വിവിധങ്ങളായ കലാപരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും സമ്മാനങ്ങൾ നൽകി. ഈ വാർഷിക സമ്മേളനത്തിലേയ്ക്ക് മുഴുവൻ സമ്മാനങ്ങളും സ്പോൺസർ ചെയ്തത് ശ്രീ. മനോജ് പന്തപ്ലാക്കൽ (ഇൻഡിക ഇലക്ട്രോണിക്സ്) താമരശ്ശേരിയാണ്. അദ്ദേഹത്തിന് കുടുംബകൂട്ടായ്മയുടെ നന്ദി രേഖപ്പെടുത്തുന്നു.

**സ്കോളർഷിപ്പ്**

പ്ലസ്ടവിന് മുഴുവൻ വിഷയത്തിനും എപ്ലസ് നേടിയ റോസ് മരിയ മാത്യു പന്തപ്ലാക്കലിന് 5001 രൂപ ക്യാഷ് അവാർഡ് ശ്രീ. ഷൈജി പന്തപ്ലാക്കൽ പശുക്കടവ് സ്പോൺസർ ചെയ്തു.

തുടർന്ന് ഫാ. തോമസ് പന്തപ്ലാക്കലിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി 20-ാം വാർഷിക സമ്മേളനം സമാപിച്ചു.

പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ പുതിയ ഭാരവാഹികളുടെ ആദ്യത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് 2022 ഡിസംബർ 11 ഞായറാഴ്ച രാവിലെ 11 മണിക്ക് ഓടന്തോടുള്ള ചാക്കോയുടെ ഭവനത്തിൽ വെച്ചു നടന്നു. കുടുംബയോഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി എല്ലാവരേയും യോജിപ്പിച്ച് പ്രവർത്തിക്കുന്നതിനു വേണ്ടി 7 റീജിയനുകളായി തിരിച്ച് ഓരോ റീജിയനും ഓരോ കോ-ഓർഡിനേറ്ററേയും എക്സിക്യൂട്ടീവ് അംഗങ്ങളെയും തെരഞ്ഞെടുത്തു.

## എക്സിക്യൂട്ടീവ് അംഗങ്ങൾ, റീജിയണൽ കോ-ഓർഡിനേറ്റേഴ്സ്

**ആലക്കോട് റീജിയൺ**

സന്തോഷ് അണുങ്ങോട് (കോ-ഓർഡിനേറ്റർ)

സെബാസ്റ്റ്യൻ പന്തപ്ലാക്കൽ, കാപ്പിമല

സണ്ണി പന്തപ്ലാക്കൽ, മൈലംപെട്ടി

ബോബൻ പന്തപ്ലാക്കൽ, ഉദയഗിരി

ജോസ് തോമസ് പന്തപ്ലാക്കൽ, പൈസക്കരി

അന്നമ്മ ഔസേപ്പച്ചൻ പന്തപ്ലാക്കൽ, മണക്കടവ്

ജോണി പന്തപ്ലാക്കൽ, മണക്കടവ്

**പേരാവൂർ റീജിയൺ**

ചാക്കോ പി.വി. പന്തപ്ലാക്കൽ, ഓടംതോട് (കോ-ഓർഡിനേറ്റർ)

ജോസ് തോമസ് പന്തപ്ലാക്കൽ, അണുങ്ങോട്

ജോയി തോമസ് പന്തപ്ലാക്കൽ, ഓടംതോട്

ബീനാ പോൾ പന്തപ്ലാക്കൽ, ഓടംതോട്

ജോണി മാത്യു പന്തപ്ലാക്കൽ, കൊട്ടിയൂർ

ടോണി ജോൺ പന്തപ്ലാക്കൽ, വീർപാട്

**കോഴിക്കോട് റീജിയൺ**

ജോസ് പന്തപ്ലാക്കൽ, കല്ലാനോട് (കോ-ഓർഡിനേറ്റർ)

ബാബു ജോർജ് പന്തപ്ലാക്കൽ, ചാവറംമുഴി

ഷൈജി ജോയ് പന്തപ്ലാക്കൽ, പശുക്കടവ്

പി.ടി.ജോണി പന്തപ്ലാക്കൽ, പൂഴിത്തോട്

എൽസി ടീച്ചർ പന്തപ്ലാക്കൽ, പശുക്കടവ്

ജെയ്സൺ പന്തപ്ലാക്കൽ, ചെമ്പനോട

മനോജ് ബേബി പന്തപ്ലാക്കൽ, താമരശ്ശേരി

**പാലാ റീജിയൺ**

ജോയൻ പന്തപ്ലാക്കൽ, അയർക്കുന്നം (കോ-ഓർഡിനേറ്റർ)

മാത്തുക്കുട്ടി പന്തപ്ലാക്കൽ, പൈക

പി.എം. ചാക്കോ പന്തപ്ലാക്കൽ, കാഞ്ഞിരമറ്റം

ഷാജി മാത്യു പന്തപ്ലാക്കൽ, പാലാ

പി.ജെ. ജോസ് പന്തപ്ലാക്കൽ, ഇളങ്ങുളം

ജിഷ് ജോസ് പന്തപ്ലാക്കൽ, അയർക്കുന്നം

ബെന്നി ജോസഫ് പന്തപ്ലാക്കൽ, ഇളങ്ങുളം

രാജു പന്തപ്ലാക്കൽ, പന്തത്തല

**മുണ്ടക്കയം റീജയൺ**

ജോൺസൺ പന്തപ്ലാക്കൽ, കപ്പാട് (കോ-ഓർഡിനേറ്റർ)

സിബി പന്തപ്ലാക്കൽ, പൊൻകുന്നം

ജോണി പന്തപ്ലാക്കൽ, കപ്പാട്

ബിജു പന്തപ്ലാക്കൽ, ഏന്തയാർ

ജോസ് പന്തപ്ലാക്കൽ, തമ്പലക്കാട്

ഗ്രേസികുട്ടി തോമസ് പന്തപ്ലാക്കൽ

ടോമി ചെറിയാൻ പന്തപ്ലാക്കൽ, ചെമ്പകപ്പാറ

**എറണാകുളം റീജിയൻ**

റിജുമോൻ പന്തപ്ലാക്കൽ, പാലക്കാട് (കോ-ഓർഡിനേറ്റർ)

ഫാ. ധനേഷ് കാളൻ

പി.എം. മാത്യു പന്തപ്ലാക്കൽ, കിഴക്കമ്പലം

ഷൈമോൻ പന്തപ്ലാക്കൽ, എറണാകുളം

ഡോ. ലിൻറ്റ, അങ്കമാലി

ബാബു പന്തപ്ലാക്കൽ, മലപ്പുറം

**ബാംഗ്ലൂർ റീജിയൺ**

ബേബി പന്തപ്ലാക്കൽ, കുപ്പായക്കോട് (കോ-ഓർഡിനേറ്റ്)

സിജോയ് ചെറിയാൻ പന്തപ്ലാക്കൽ, കാനഡ

മാത്യു ജോയൻ പന്തപ്ലാക്കൽ, ബാംഗ്ലൂർ

സി. മരിയം പന്തപ്ലാക്കൽ, ഇറ്റലി

സിജു ജോൺ പന്തപ്ലാക്കൽ, ദുബായ്

മാത്തുക്കുട്ടി പന്തപ്ലാക്കൽ, വീർപാട് (കോ-ഓർഡിനേറ്റർ)

ജിജു ജോസ് പന്തപ്ലാക്കൽ ബാംഗ്ലൂർ

മായ ജേക്കബ് പൂനെ

ജിൽസ് പന്തപ്ലാക്കൽ മംഗലാപുരം

ജെയ്സൺ മാക്കത്തോളത്തിൽ യു.കെ.

അടുത്ത കുടുംബയോഗം നാട്ടിൽവെച്ച് നടത്തുന്നതിന് അവിടുത്തെ എക്സിക്യൂട്ടീവ് അംഗങ്ങൾ മുൻകൈ എടുത്ത് സ്ഥലം ക്രമീകരിക്കുവാൻ ചുമതലപ്പെടുത്തി. 20 വർഷമായ പന്തപ്ലാക്കൽ കുടുംബത്തിന്റെ നിയമാവലിയിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുവാൻ പ്രസിഡന്റിന്റെ നേതൃത്വത്തിൽ 5 അംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തി. വെബ്സൈറ്റ് അപ്ലോഡ് ചെയ്യുവാൻ ജോസഫ് പന്തപ്ലാക്കലിനെ ചുമതലപ്പെടുത്തി.

കുടുംബ മീറ്റിംഗുകളിൽ പുതുതായി വരുന്നവരെ പരിചയപ്പെടുത്തുവാനും കുടുംബത്തിൽ ആരെങ്കിലും മരിച്ചുപോയിട്ടുണ്ടെങ്കിൽ അവരെപ്പറ്റി ഒരു ലഘുവിവരണം നടത്തണമെന്നും യോഗം തീരുമാനിച്ചു. പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 19 അംഗങ്ങൾ പങ്കെടുത്തു. ഇതിനുവേണ്ടിയുള്ള സ്ഥലവും മറ്റ് സഹായവും ഒരുക്കിത്തന്ന വൈസ് പ്രസിഡന്റു കൂടിയായ ചാക്കോ പന്തപ്ലാക്കലിനെ സ്നേഹത്തോടെ ഓർക്കുന്നു.

പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ 2-ാമത്തെ എക്സിക്യൂട്ടീവ് യോഗം 2023 ജൂൺ 18 ഞായറാഴ്ച രാവിലെ 10.30 ന് പൈകയിൽ പന്തപ്ലാക്കൽ മാത്യുക്കുട്ടി ചേട്ടന്റെ ഭവനത്തിൽ വെച്ച് പ്രസിഡണ്ട് ശ്രീ. ബേബി കുപ്പായക്കോടിന്റെ അധ്യക്ഷതയിൽ ചേർന്നു. തമ്പലക്കാട്ടുള്ള ജോസ് ചേട്ടന്റെ വീട്ടിൽ വച്ച് കുടുംബയോഗം നടത്തുവാൻ ഏകദേശം തീരുമാനമായി. ഇതിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കായി നാട്ടിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ പ്രത്യേകം ശ്രദ്ധിയ്ക്കണമെന്നും തീരുമാനിച്ചു.

തുടർന്ന് തിരുവിതാംകൂറിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ ചേർന്ന് 2 മീറ്റിങ്ങുകൾ ജോസ് ചേട്ടന്റെ വീട്ടിൽ വച്ച് കുടുംബയോഗ വാർഷികത്തിന്റെ മുന്നോടിയായി നടന്നു. ജോയൻ അയർക്കുന്നം, ജോൺസൺ പന്തപ്ലാക്കൽ കപ്പാട്, ജോസഫ് പന്തപ്ലാക്കൽ കട്ടപ്പന, മാത്യുക്കുട്ടി പൈക, മുൻ പ്രസിഡന്റ് ജോസ് ചേറ്റുതോട് തുടങ്ങിയവരുടെ നേതൃത്വത്തിൽ

കുടുംബയോഗ ക്രമീകരണങ്ങൾ ഏറ്റവും മനോഹരമായി നടത്തി. അവരെ സ്നേഹപൂർവ്വം നന്ദിയോടെ ഓർക്കുന്നു. ബഹുമാനപ്പെട്ട നമ്മുടെ രക്ഷാധികാരി തോമസ് അച്ചന്റെയും പ്രസിഡന്റ് ബേബി കല്ലാനോടിന്റെയും നേതൃത്വത്തിൽ – ഓടത്തോടുള്ള കുടുംബ കൂട്ടായ്മ വൈസ് പ്രസിഡന്റ് ശ്രീ. ചാക്കോയുടെ ഭവനത്തിൽ വെച്ച് പരമാവധി കുടുംബാംഗങ്ങളെ സംഘടിപ്പിച്ച് കുടുംബയോഗം വിജയിപ്പിക്കുവാൻ വേണ്ടിയുള്ള മീറ്റിംഗ് നടത്തി ബസ് സൗകര്യം ഏർപ്പാട് ചെയ്തു. അവരെയും ഇത്തരുണത്തിൽ ഓർക്കുന്നു.

കഴിഞ്ഞ 6 വർഷക്കാലം നമ്മുടെ കുടുംബകൂട്ടായ്മയുടെ സെക്രട്ടറിയായി നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവെച്ച് നിത്യതയിലേക്ക് എടുക്കപ്പെട്ട പ്രിയപ്പെട്ട തങ്കൻചേട്ടൻ കൂട്ടിക്കലിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായ് പ്രാർത്ഥിക്കുന്നു. ഒപ്പം നമ്മുടെ കുടുംബാംഗങ്ങളെയെല്ലാം ദുഖത്തിലാഴ്ത്തി അകാലത്തിൽ പൊലിഞ്ഞുപോയ ജെയ്ക്ക് മോനെയും ജോസഫ് വർക്കി തിരുവമ്പാടിയെയും അപ്പച്ചൻ പള്ളത്ത് ത്രിക്കരിപ്പൂർ എന്നിവർക്കും ഈ കൂട്ടായ്മയുടെ ആദരാഞ്ജലികളും പ്രാർത്ഥനകളും നേരുന്നു.

പ്രിയമുള്ളവരെ, കഴിഞ്ഞ 20 വർഷങ്ങളായി നമ്മുടെ കുടുംബ കൂട്ടായ്മ ഏറ്റവും നല്ല രീതിയിൽ മുമ്പോട്ട് നയിച്ച, പ്രവർത്തിച്ച മുൻകാല പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ട്രഷറർമാർ, ഡയറക്ടർബോഡ് അംഗങ്ങൾ, നമുക്ക് ഒത്തുചേരാൻ അവസരം ഒരുക്കിത്തന്ന കുടുംബാംഗങ്ങൾ, സർവ്വോപരി ഏറ്റവും പ്രിയപ്പെട്ട കുടുംബാംഗങ്ങളെയും സ്നേഹപൂർവ്വം ഓർത്തുകൊണ്ട് ഏറ്റവും മികവുറ്റ പ്രവർത്തനങ്ങളുമായി മുമ്പോട്ട് പോകുവാൻ നമുക്ക് കഴിയുമെന്നുള്ള വലിയ പ്രതീക്ഷയിൽ ഈ റിപ്പോർട്ട് ചുരുക്കുന്നു.

സ്നേഹപൂർവ്വം

സെക്രട്ടറി

മാത്തുക്കുട്ടി പന്തപ്ലാക്കൽ ഇരിട്ടി